# അദ്ധ്യായം മൂന്ന്

# ദേശീയപ്രസ്ഥാനം കേരളത്തിൽ

ഇൻഡ്യൻ നാഷണൽ കോൺഗ്രസിൻെറ ആരംഭം മുതൽ തന്നെ കേരളീയർക്ക് അതുമായി ജൈവ ബന്ധമുണ്ടായിരുന്നു. മലയാളികളായ സർ സി. ശങ്കരൻ നായർ, ബാരിസ്റ്റർ ജി.പി. പിള്ള, വി. റൈരു നമ്പ്യാർ, സി. കുഞ്ഞിരാമമേനോൻ, ഡോ: ടി.എം. നായർ, സി.കരുണാകരമേനോൻ എന്നിവർ കോൺഗ്രസുമായി അതിൻെറ ആരംഭദശയിൽത്തന്നെ ബന്ധപ്പെട്ടു.

1889-ൽ ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ ബാരിസ്റ്റർ ജി.പി.പിള്ള സംബന്ധിച്ചു. 1894-ൽ മദ്രാസിൽ നടന്ന സമ്മേളനത്തിൽ അദ്ദേഹം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് പൂനയിലും കല്ക്കത്തയിലും ചേർന്ന സമ്മേളനങ്ങളിലും പങ്കെടുത്തിരുന്നു. മഹാത്മജിയുടെ ദക്ഷിണാഫ്രിക്കൻ സമരത്തിനു പിന്തുണ നല്കിക്കൊണ്ടുള്ള പ്രമേയങ്ങൾ കോൺഗ്രസ് സമ്മേളനത്തിൽ അവതരിപ്പിച്ചതും അദ്ദേഹമാണ്. 1899-ൽ 'ഇൻഡ്യൻ കോൺഗ്രസുകാർ' എന്ന ഗ്രന്ഥവും രചിച്ചു.[1]

1897-ൽ അമരാവതിയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചത് മലയാളിയായ സർ സി. ശങ്കരൻ നായരാണ്. അദ്ദേഹം കോൺഗ്രസ് അദ്ധ്യക്ഷനായിരുന്ന കാലത്ത് കോൺഗ്രസ് സെക്രട്ടറിയായി വി.റൈരു നമ്പ്യാർ എന്ന മലയാളിയും പ്രവർത്തിച്ചിരുന്നു.

എങ്കിലും, 1920 വരെ നാട്ടുരാജ്യങ്ങൾ കോൺഗ്രസിൻെറ പ്രവർത്തനപരിധിയിൽ ഉൾപ്പെടാതിരുന്നതിനാൽ കേരളത്തിലാകമാനം അതിൻെറ പ്രവർത്തനങ്ങൾ കടന്നുവന്നില്ല. ബ്രിട്ടീഷ് ഇൻഡ്യയുടെ

ഭാഗമായിരുന്ന മലബാറിലാണ് ആദ്യകാലപ്രവർത്തനങ്ങൾ നടക്കുന്നത്.

1916-ൽ കോഴിക്കോട് മലബാർ ജില്ലാ കോൺഗ്രസ് കമ്മറ്റി രൂപവൽക്കരിച്ചു. ഇതിന്റെ സെക്രട്ടറിയായിരുന്ന കെ.പി.കേശവ മേനോൻ മലബാർ ജില്ലാ ഹോംറൂൾ ലീഗിന്റെ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. രണ്ടു സംഘടനകളും മലബാറിൽ പലയിടത്തും ശാഖകളാരംഭിക്കുകയും സ്വാതന്ത്ര്യബോധം പ്രസരിപ്പിച്ചു തുടങ്ങുകയും ചെയ്തു.

1916 മെയ് 4, 5 തിയതികളിൽ മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനം ശ്രീമതി. ആനി ബസന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബ്രിട്ടീഷ് സർക്കാർ ആനി ബസന്റിനെ അറസ്റ്റു ചെയ്ത സന്ദർഭത്തിൽ മലബാറിലുടനീളം പ്രതിഷേധമുയർന്നു.

1917-ൽ മോണ്ടേഗു പ്രഭു ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ ഇൻഡ്യയുടെ സ്വയംഭരണം ആവശ്യപ്പെട്ട് നിവേദനം സമർപ്പിച്ച ഹോംറൂൾ ലീഗ് പ്രതിനിധികളിൽ മലബാറിൽ നിന്ന് കെ.പി. കേശവമേനോനും നിലമ്പൂർ ഇളയരാജയും ഉണ്ടായിരുന്നു.

1920-ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം നാട്ടുരാജ്യങ്ങളെയും കോൺഗ്രസിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനിച്ച പ്പോൾ മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ ചേർത്ത് കേരളാ പ്രദേശ് കോൺഗ്രസ് കമ്മറ്റി രൂപീകൃതമായി.

നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചപ്പോൾ മലബാറിൽ അതിന്റെ അലകൾ കടന്നുവന്നു. വിദേശവസ്ത്ര ബഹിഷ്കരണം, കോടതി ബഹിഷ്കരണം,

വിദ്യാലയ ബഹിഷ്കരണം എന്നിങ്ങനെയുള്ള സമരമാർഗങ്ങൾ ഇവിടെ അരങ്ങേറി.

ഖിലാഫത്തു പ്രസ്ഥാനവും മലബാറിലേക്കു വിനാവിളംബം പ്രവേശിക്കുകയുണ്ടായി. ഗാന്ധിജിയും ഷൗക്കത്തലിയും ഖിലാഫത്തിന്റെ പ്രചാരണാർത്ഥം മലബാർ സന്ദർശിച്ചു. ഇക്കാലത്തു് ഹിന്ദിപ്രചാരണം, അയിത്തോച്ചാടനം, മദ്യവർജനം, ഖാദിപ്രചാരണം എന്നിങ്ങനെയുള്ള ക്രിയാത്മക പരിപാടികൾക്കും ഊർജിതമായ മുന്നേറ്റമുണ്ടായി.

ഖിലാഫത്തു പ്രസ്ഥാനത്തിലൂടെ ഹിന്ദുക്കളും മുസ്ലീങ്ങളും സംഘടിച്ചു പ്രവർത്തിക്കുന്നതിൽ സംഭീതരായ ബ്രിട്ടീഷുകാർ അന്തഃച്ഛിദ്രത്തിനുള്ള ശ്രമങ്ങളാരംഭിച്ചു. കിംവദന്തികൾ പരത്തി ജനങ്ങളിൽ പരിഭ്രാന്തി ഉളവാക്കുവാൻ അവർക്കു കഴിഞ്ഞു. സാർവ്വത്രികമായി വർഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. രണ്ടുമൂന്നു മാസം നീറിപ്പുകഞ്ഞു നിന്ന അസ്വാസ്ഥ്യങ്ങൾ 1921 ആഗസ്ത് 20-ന് കലാപമായി ബഹിർഗമനം കണ്ടെത്തി. പോലീസ് സ്റ്റേഷൻ ആക്രമണവും വെടിവയ്പും ലാത്തിച്ചാർജ്ജുമെല്ലാം നടന്നു. 'വാഗൺ ട്രാജഡി'യുൾപ്പെടെയുള്ള ഒട്ടേറെ ദുരന്തങ്ങൾ മലബാർ കലാപത്തിന്റെ തിക്തഫലങ്ങളാണു്.

മലബാർ കലാപം, മാപ്പിള ലഹള, കർഷക ലഹള, ഖിലാഫത്തു കലാപം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന 1921-ലെ കലാപം ഒരു കറകളഞ്ഞ സ്വാതന്ത്ര്യസമരം തന്നെയായിരുന്നു, എന്നു അക്കാലത്തു നിസ്സഹകരണപ്രസ്ഥാനത്തിൽ മുഖ്യപങ്കു വഹിച്ചിരുന്ന ഇ. മൊയ്തു മൗലവി അഭിപ്രായപ്പെടുന്നു.[2]

എന്നാൽ, സ്വാതന്ത്ര്യത്തിന്റെ പേരിലാണ് സമാരംഭിച്ചതെങ്കിലും തുടക്കത്തിൽ തന്നെ അതുവഴിതെറ്റിപ്പോയി എന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.[3]

കലാപത്തിന്റെ ഫലമായി കേരള രാഷ്ട്രീയരംഗത്തുണ്ടായ മാന്ദ്യം തെല്ലൊന്നവസാനിക്കുന്നത് 1923 മെയ് 6-ന് പാലക്കാട്ട് രണ്ടാം കോൺഗ്രസ് സമ്മേളനം നടന്നതോടെയാണ്. സരോജനിനായിഡു, സി. രാജഗോപാലാചാരി, ദേവദാസ് ഗാന്ധി, അലി സഹോദരൻമാരുടെ മാതാവ് ബി. ഉമ്മ തുടങ്ങിയ നേതാക്കൾ സംബന്ധിച്ചു. തീണ്ടൽ ആചരിക്കുന്നതിനെതിരേ പ്രമേയം പാസ്സാക്കി. മിശ്രഭോജനം നടത്തി.

ഖിലാഫത്തുപ്രസ്ഥാനം കലാപങ്ങൾക്കു വഴിതെളിച്ചതു് വാർത്താവിനിമയത്തിനും ആശയപ്രചാരണത്തിനും ബോധവൽക്കരണത്തിനും വേണ്ടത്ര മാദ്ധ്യമങ്ങൾ ഇല്ലാത്തതിനാലാണെന്നു കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിനു ബോദ്ധ്യമായി. കെ. മാധവൻ നായർ, കെ.പി. കേശവമേനോൻ എന്നിവരുടെ ഉത്സാഹത്തിൽ 1922 ഫെബ്രുവരി 15-നു് 'മാതൃഭൂമി' കംപനി രജിസ്റ്റർ ചെയ്തു. 1923 മാർച്ച് 18-ന് 'മാതൃഭൂമി' ത്രൈവാരികയായി പ്രസിദ്ധീകരണമാരംഭിച്ചു. കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു് 'മാതൃഭൂമി' നല്കിയ സേവനം വളരെ വിലപ്പെട്ടതാണ്. 1924-ൽ അബ്ദുൾ റഹ്മാന്റെ നേതൃത്വത്തിലാരംഭിച്ച 'അൽ-അമീൻ' എന്ന പത്രവും ജനങ്ങളിൽ ദേശീയബോധം വളർത്തുവാൻ സഹായിച്ചിട്ടുണ്ട്.

1928-ൽ സൈമൺ കമ്മീഷൻ ബഹിഷ്കരണം സംബന്ധിച്ചുണ്ടായ പ്രതിഷേധത്തിന്റെ അലകൾ മലബാറിലെ കുഗ്രാമങ്ങളിൽ വരെ ചെന്നെത്തി.

ഇതേ സമയത്തു് ജവാഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം പയ്യന്നൂരിൽ നടക്കുകയും ചെയ്തു.

1930-ൽ ഉപ്പുസത്യാഗ്രഹം ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ചപ്പോൾ പയ്യന്നൂരിലെ കൊക്കാനശ്ശേരി വയലിലും ഏഴിമലക്കു സമീപം രാമന്തളി കടപ്പുറത്തും കോഴിക്കോട്ടു കടപ്പുറത്തും ഉപ്പുസത്യാഗ്രഹം നടന്നു. നിയമം ലംഘിച്ച് ഉപ്പുണ്ടാക്കിയവരെ പോലീസ് മർദ്ദിക്കുകയും തടവിലാക്കുകയും ചെയ്തു. കെ. കേളപ്പൻ, ഏ.കെ.ഗോപാലൻ, ഹ.കെ. വാരിയർ, മൊയ്തു മൗലവി തുടങ്ങിയവർ ഈ സമരത്തിനു നേതൃത്വം നല്കിയിരുന്നു. നാട്ടുരാജ്യങ്ങളെ സമരത്തിൽ നിന്നു് ഗാന്ധിജി ഒഴിവാക്കിയിരുന്നതിനാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഈ സമരങ്ങൾ ഉണ്ടായില്ല. ആ ഭാഗത്തുനിന്നു ചിലയാളുകൾ മലബാറിലെത്തി സമരത്തിൽ പങ്കുകൊള്ളുകയാണുണ്ടായതു്.

പിന്നീടുണ്ടായ ശ്രദ്ധേയമായ സംഭവവികാസം ഗുരുവായൂർ സത്യാഗ്രഹമാണു്. 1931 മെയ് മാസത്തിൽ വടകരയിൽ ചേർന്ന സംസ്ഥാനരാഷ്ട്രീയ സമ്മേളനം എല്ലാ ഹൈന്ദവക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും പ്രവേശനമനുവദിക്കണമെന്ന പ്രമേയം പാസ്സാക്കി. ആഗസ്റ്റിൽ ചേർന്ന കെ.പി.സി.സി. യോഗം നവംബർ 1 മുതൽ ഗുരുവായൂർ ക്ഷേത്രനടക്കൽ ഹരിജനങ്ങൾക്കു് ക്ഷേത്രപ്രവേശനത്തിനു വേണ്ടി സമരം ആരംഭിക്കുവാൻ നിശ്ചയിച്ചു.

സമരം തുടങ്ങുന്നതിനു മുൻപു് നാടെങ്ങും പ്രചാരണയോഗങ്ങൾ നടന്നു. ക്ഷേത്രമുടമയായ നമ്പൂതിരിക്കു് നിവേദനം നല്കി. പ്രമുഖ

നേതാക്കൾ ആവശ്യപ്പെട്ടിട്ടും നമ്പൂതിരി അഭ്യർത്ഥനയെ മാനിക്കാതെയിരുന്നതിനാൽ നവംബർ 1-നു സമരം ആരംഭിച്ചു. കേളപ്പൻ ചെറുപ്രസംഗത്തോടെ സമരം ഉദ്ഘാടനം ചെയ്തു. ഏ.കെ.ഗോപാലനായിരുന്നു. വാളന്റിയർ ക്യാപ്റ്റൻ. സത്യാഗ്രഹികളെ പലതരത്തിൽ പീഢിപ്പിക്കുവാൻ ക്ഷേത്രഭാരവാഹികൾ ശ്രമിച്ചപ്പോൾ പൊതുജനങ്ങളുടെ പിന്തുണ സത്യാഗ്രഹികൾക്കു കൂടുതലായി ലഭിച്ചു. ക്ഷേത്രത്തിൽ വഴിപാടിനായി കൊണ്ടുവരുന്ന പദാർത്ഥങ്ങൾ സത്യാഗ്രഹാശ്രമത്തിലേല്പിച്ചു മടങ്ങുകയായിരുന്നു, പലരും. സമരത്തിനു് ജനങ്ങളുടെ അനുഭാവമുണ്ടെന്നു കണ്ടപ്പോൾ ക്ഷേത്രത്തിനു ചുറ്റും മുള്ളുവേലികളുയർത്തുകയും കൂടുതൽ കാവല്ക്കാരെ നിയോഗിക്കുകയുമാണു് സാമൂതിരി ചെയ്തതു്. ഏ.കെ. ഗോപാലന്റെ നേർക്കുണ്ടായ ആക്രമണം സവർണ്ണരുടെയിടയിലും സമരത്തിനു് അനുഭാവമുളവാക്കി. ഇതിനിടെ പല തവണ ക്ഷേത്രം പൂട്ടിയിടുകയും ചെയ്തു.

സമരം ഏറെനാൾ നീണ്ടിട്ടും ഫലമുണ്ടാകാതിരുന്നതിനാൽ 1932 സെപ്തംബർ 21-ന് കേളപ്പൻ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ നിരാഹാര സത്യാഗ്രഹമാരംഭിച്ചു. ഹരിജനപ്രശ്നം സംബന്ധിച്ച് യരവ്ദാ ജയിലിൽ ഗാന്ധിജി ഉപവാസമാരംഭിച്ച ദിവസം തന്നെയാണു് കേളപ്പന്റേയും ഉപവാസം തുടങ്ങിയതു്. മന്നത്തുപത്മനാഭൻ ഗുരുവായൂരിലെത്തി സമരത്തിനു നേതൃത്വം നല്കി. സമരം അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ദേശീയ നേതാക്കൾ ആവശ്യപ്പെട്ടിട്ടും ക്ഷേത്രഭാരവാഹികൾക്കു മനഃപരിവർത്തനമുണ്ടായില്ലാ. സത്യാഗ്രഹം 13 ദിവസം പിന്നിട്ടപ്പോൾ ഗാന്ധിജി ആവശ്യപ്പെട്ടതനുസരിച്ചു് കേളപ്പൻ ഉപവാസം അവസാനിപ്പിച്ചു.

ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തെ സവർണ്ണർക്കിടയിൽ ഹിതപരിശോധന നടത്തിയപ്പോൾ 57% പേർ ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചിരുന്നു. ഈ സത്യാഗ്രഹത്തിന്റെ പ്രധാനനേട്ടം ജനങ്ങളുടെ ചിന്താഗതിയിൽ വന്ന മാറ്റമാണു്. പഴമയും പുതുമയും തമ്മിൽ നടന്ന ഒരു സംഘട്ടനവുമായി അതു്. അതിന്റെ ഫലങ്ങൾ പലതരത്തിൽ പ്രകടമായി. നമ്പൂതിരി സ്ത്രീകൾ മറക്കുട നീക്കി പൊതുയോഗങ്ങളിൽ പങ്കെടുക്കുവാനും പ്രസംഗിക്കുവാനും വരെ തയ്യാറായതു് ഈ സമരത്തിന്റെ പശ്ചാത്തലത്തിലാണു്.[4]

1932 മെയ് മാസത്തിൽ കോഴിക്കോട്ടു വച്ചു് സാമുവൽ ആറോണിന്റെ അദ്ധ്യക്ഷതയിൽ ആറാം കേരള സംസ്ഥാന സമ്മേളനം നടന്നു. താലൂക്കുകളിലും വില്ലേജുകളിലും പതിവായി യോഗങ്ങൾ നടന്നുവന്നു. എല്ലാ മാസവും 4-ാം തിയതി ഗാന്ധിദിനം , എല്ലാ ഞായറാഴ്ചയും പതാകാദിനം, ജനുവരി 26-നു സ്വാതന്ത്ര്യദിനം തുടങ്ങിയ പരിപാടികൾ മുടങ്ങാതെ നടന്നിരുന്നു.

ഗാന്ധിജിയെ 1932 ജനുവരി 4-ാം തിയതി അറസ്റ്റു ചെയ്തതിനെത്തുടർന്നു് സിവിൽ നിയമലംഘനം രാജ്യവ്യാപകമായി ശക്തിപ്പെട്ടപ്പോൾ കേരളവും സമരരംഗത്തു ശ്രദ്ധ കേന്ദ്രീകരിച്ചു. കണ്ണൂരിലും കോഴിക്കോട്ടും പിക്കറ്റിംഗും മദ്യവിരുദ്ധസമരവും വിദേശവസ്ത്ര ബഹിഷ്കരണവും നടന്നു. അനേകമാളുകൾ തടങ്കലിലായി. സംസ്ഥാന കോൺഗ്രസ് കമ്മറ്റിയും അതിന്റെ ഘടകങ്ങളും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. കോൺഗ്രസ് സമ്മേളനം വിജയകരമായി നടത്തിയ ആദ്യ സംസ്ഥാനം കേരളമായിരുന്നു. ആ നിലയിൽ മേല്പറഞ്ഞ ആറാം സംസ്ഥാന സമ്മേളനം പ്രാധാന്യമർഹിക്കുന്നു.

യൂത്ത് ലീഗ്, വിദ്യാർത്ഥിസംഘം, സ്വദേശിസംഘം എന്നിങ്ങനെ പല സംഘങ്ങൾ നാടൊട്ടുക്ക് സമരപ്രചാരണം നടത്തിയിരുന്നു. മലബാറിന്റെ കുഗ്രാമങ്ങളിൽപോലും നിയമലംഘനപ്രസ്ഥാനം കടന്നുചെന്നു. കരിവെള്ളൂർ യുവക് സംഘവും അതുപോലെയുള്ള പ്രാദേശിക സംഘങ്ങളും കർഷകരുടെയിടയിലും ദേശീയബോധം എത്തിക്കുവാൻ യത്നിച്ചു. എത്ര പ്രകോപനമുണ്ടായാലും യുവജനങ്ങൾ ആദർശങ്ങൾ കൈവെടിയരുതെന്ന് മഹാകവി വള്ളത്തോളും വടക്കേ മലബാറിൽ മഹാകവി കുട്ടമത്തും ഉദ്ബോധിപ്പിച്ചുപോന്നു.[5] കൊച്ചിയിലും തിരുവിതാംകൂറിലും സമരം ഉണ്ടായില്ലെങ്കിലും ബ്രിട്ടീഷ് ഇൻഡ്യയിലെ സമരത്തിൽ പങ്കെടുക്കുവാൻ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു നിന്നു ധാരാളം പേർ മലബാറിലെത്തിയിരുന്നു. മദ്യഷാപ്പു പിക്കറ്റിംഗും വിദേശവസ്ത്രഷാപ്പു പിക്കറ്റിംഗും തിരു-കൊച്ചി പ്രദേശത്തും നടന്നു. ഖാദിപ്രസ്ഥാനം കേരളത്തിലൊട്ടാകെ ഇക്കാലത്തു ശക്തമായി.

1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കേരളത്തിൽ ജന്മമെടുത്തു. പി. കൃഷ്ണപിള്ള, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു, നേതൃരംഗത്ത്. ഈ വിഭാഗത്തിലെ നേതാക്കന്മാർ തൊഴിലാളികൾ, കർഷകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിങ്ങനെയുള്ള വിഭാഗങ്ങൾക്കിടയിൽ നടത്തിയ സംഘടിതശ്രമങ്ങൾ മൂലം ജനങ്ങൾക്കിടയിൽ അവരുടെ സ്വാധീനം വർദ്ധിച്ചു. കേളപ്പൻ, സി.കെ.ഗോവിന്ദൻ നായർ തുടങ്ങിയ നേതാക്കൾ ഈ വിഭാഗത്തിന്റെ ഗാന്ധിവിരോധം മൂലം ഇതിൽ നിന്നു പിൻമാറി. 1939-ൽ ഇടതുപക്ഷ ചിന്താഗതിക്കാരായ സോഷ്യലിസ്റ്റു വിഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി.[6] 1941-ൽ റഷ്യയും ബ്രിട്ടനും യുദ്ധത്തിൽ ഒരു ചേരിയിലായതിനാൽ ബ്രിട്ടീഷ് ഗവൺമെന്റിനെ പിന്താങ്ങുവാൻ കമ്മ്യൂണിസ്റ്റുപാർട്ടി നിർബ്ബന്ധിതമായി.

1942-ൽ ക്വിററിന്ത്യാ സമരം ആരംഭിച്ചപ്പോൾ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൽപെട്ടവർ അതിൽ പങ്കെടുക്കാതെ നിന്നു. എങ്കിലും കേരളത്തിൽ സമരം ശക്തമായിരുന്നതു് മലബാർ പ്രദേശത്തു തന്നെയായിരുന്നു.

ഇക്കാലത്തു് 'സ്വതന്ത്രഭാരതം' എന്ന ഒരു പത്രിക രഹസ്യമായി മലബാറിൽ പ്രചരിച്ചിരുന്നു. അതിന്റെ പ്രവർത്തകരിൽ പ്രധാനികൾ എസ്.കെ.പൊറ്റെക്കാട്, എൻ.വി.കൃഷ്ണവാരിയർ, ആർ.എം.മനയ്ക്കലാത്ത് എന്നിവരായിരുന്നു.[7]

1946 സെപ്തംബർ 2-ാം തിയതി കേന്ദ്രത്തിൽ ഇടക്കാല ഗവൺമെൻറ് നിലവിൽ വന്നു. അതോടുകൂടി പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പായി.

ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ ഒരു കമ്മററി 1919 മുതൽ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചെങ്കിലും മലബാറിലേതുപോലെ ശക്തിയാർജിച്ചില്ല. 1921 മുതൽ ഒരു വർഷം കൊച്ചിയിൽ പൊതുയോഗങ്ങൾ നിരോധിച്ചതും പ്രവർത്തനം മന്ദീഭവിക്കുവാൻ കാരണമായി. എന്നാൽ അയിത്തോച്ചാടനം, ഖാദിപ്രചാരണം, ഹിന്ദിപ്രചാരണം തുടങ്ങിയ പരിപാടികൾ സജീവമായിരുന്നു. കൊച്ചി സംസ്ഥാന ഹരിജനസേവാസംഘവും രൂപീകൃതമായി.

ആശയപ്രചാരണത്തിനു് പത്രങ്ങൾ ആരംഭിക്കുവാനുള്ള പരിശ്രമവും കൊച്ചിയിൽ നടന്നു. തൃശൂരിൽ നിന്നു് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് 1920-ൽ 'ലോകമാന്യൻ' എന്ന മാസിക ആരംഭിച്ചു. തൃശൂരിൽ നിന്നു് അംശി നാരായണപിള്ള 'മഹാത്മാ' എന്ന പത്രവും എറണാകുളത്തു നിന്നു് പാലിയത്തു് ചെറിയ കുഞ്ഞുണ്ണി അച്ചൻ പ്രസിദ്ധപ്പെടുത്തിയ 'ഭജേ കേരളവും' സ്മരണാർഹങ്ങളാണു്.

വൈക്കം സത്യാഗ്രഹത്തിൽ കൊച്ചിരാജ്യത്തു നിന്നു പലരും പങ്കെടുക്കുകയും ചുമതലകൾ വഹിക്കുകയും ചെയ്തു. 1928-ലെ സൈമൺ കമ്മീഷനെതിരായുള്ള പ്രതിഷേധത്തിൽ കൊച്ചിപ്രദേശത്തെ വിദ്യാർത്ഥികളും തൊഴിലാളികളും സജീവമായി പങ്കെടുത്തു. 1937-ൽ ഡോ: പട്ടാഭി സീതാരാമയ്യരുടെ അദ്ധ്യക്ഷതയിൽ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള ഒരു രാഷ്ട്രീയസമ്മേളനം നടന്നു.

1941-ൽ രൂപം കൊണ്ട കൊച്ചിരാജ്യപ്രജാമണ്ഡലം എന്ന സംഘടന ഉത്തരവാദഭരണത്തിനുള്ള ശ്രമങ്ങളാരംഭിച്ചു. 1941 ജനുവരി 26-ന് കൊച്ചിരാജ്യത്തെ പ്രധാനപട്ടണങ്ങളിലെല്ലാം നാട്ടുരാജാക്കൻമാർക്കും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും എതിരായ മുദ്രാവാക്യങ്ങൾ പ്രത്യക്ഷപ്പെട്ടു. തൃശ്ശൂരിൽ കൊച്ചി മഹാരാജാവിന്റെ പ്രതിമയുടെ ചുവട്ടിൽ പോലും എഴുത്തുകളുണ്ടായി. പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങളെ അടിച്ചമർത്തുവാൻ പല ശ്രമങ്ങളും നടന്നു. പലരേയും തടവിലാക്കുകയും വളരെപേർക്കു മർദ്ദനമേൽക്കുകയും ചെയ്തു.

ക്വിറ്റ് ഇൻഡ്യാ സമരമാരംഭിച്ചതോടെ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ ശക്തമായി. ഉത്തരവാദ ഭരണത്തിനു വേണ്ടിയുള്ള സമരം അചിരേണ വിജയം കണ്ടെത്തി. 1946 സെപ്തംബർ 9-ന് ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരത്തിൽ വന്നു.

1949 ജൂലൈ 1-ന് കൊച്ചി തിരുവിതാംകൂറുമായി ചേർന്ന തിരു-കൊച്ചി സംസ്ഥാനമായി.

ഒരു ജനപ്രതിനിധിസഭ ഇൻഡ്യയിലാദ്യമായി ഒരു നാട്ടുരാജ്യത്ത് രൂപം കൊണ്ടതു് തിരുവിതാംകൂറിലായിരുന്നു. നാമനിർദേശം ചെയ്യപ്പെട്ട

ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും അടങ്ങിയതായിരുന്നു, ഈ സഭ. 1888-ൽ രൂപംകൊണ്ട ഈ സഭയുടെ ഘടന പലതവണ പരിഷ്കരിക്കപ്പെട്ടു. 1922 ആയപ്പോൾ ആകെയുളള 50 അംഗങ്ങളിൽ 28 പേരും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായിരുന്നു.

1891 ജനുവരി 1-ാം തിയതി രാജാവിനു സമർപ്പിച്ച മലയാളി മെമ്മോറിയലും 1895 മെയ് 13-ന് സമർപ്പിച്ച ഈഴവ മെമ്മോറിയലും ശ്രദ്ധേയമായ ജനകീയ മുന്നേറ്റങ്ങളായിരുന്നു. സർക്കാരുദ്യോഗങ്ങൾ മലയാളികൾക്കു നല്കാതെ തമിഴ്ബ്രാഹ്മണരെ ഉദ്യോഗസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനെതിരെയായിരുന്നു, മലയാളിമെമ്മോറിയൽ. ഈഴവർക്ക് വിദ്യാഭ്യാസം, ഉദ്യോഗം എന്നീ രംഗങ്ങളിൽ അവസരങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചായിരുന്നു ഈഴവമെമ്മോറിയൽ.

ദിവാൻ ഭരണത്തിനെതിരായി ആദ്യം തൂലിക ചലിപ്പിച്ച ജി.പി. പിളള അക്കാരണത്താൽ നാടു കടത്തപ്പെട്ടു. ഇൻഡ്യ നാഷനൽ കോൺഗ്രസ്സിന്റെ പ്രാരംഭം മുതൽ അതിൽ അംഗമാകുകയും രണ്ടുതവണ സെക്രട്ടറിയാകുകയും ചെയ്തു, അദ്ദേഹം. മദ്രാസിൽ താമസിച്ചുകൊണ്ട് ജി.പി. പിളള പ്രസിദ്ധീകരിച്ച ലഘുലേഖകളും പത്രലേഖനങ്ങളുമായിരുന്നു, മലയാളി മെമ്മോറിയലിനും ഈഴവ മെമ്മോറിയലിനും പ്രചോദകമായതു്.[8]

കേരളത്തിലെ സാമൂഹിക പരിഷ്കരണയത്നങ്ങളിൽ ഏററവും പ്രധാനം അയിത്തോച്ചാടന പ്രസ്ഥാനമായിരുന്നു. ശ്രീനാരായണഗുരുവും അദ്ദേഹത്തിൽ നിന്നു കർമ്മചൈതന്യമാർജിച്ച ചില വ്യക്തികളും ഈ

രംഗത്തു പ്രവർത്തനനിരതരാകുകയും അതിന്റെ സദ്ഫലങ്ങൾ സമൂഹത്തിനു സംസിദ്ധമാകയും ചെയ്തു. ഈ രംഗത്ത് ഏറ്റവും സഫലമായി പ്രവർത്തിച്ച വ്യക്തി ടി.കെ. മാധവനാണ്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഗാന്ധിയുഗം ആരംഭിച്ചതോടുകൂടി ഉണ്ടായ സമഗ്രമായ മാറ്റങ്ങൾ കണ്ടറിഞ്ഞ മാധവൻ സാമുദായികപ്രശ്നങ്ങളെ ദേശീയതയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയും ജനങ്ങളുടെ സംഘടിതശക്തിയെ ഉപയോഗപ്പെടുത്തുകയും ചെയ്തു.

ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന മാധവൻ ക്ഷേത്രപ്രവേശനത്തിനായി നിരന്തരം അവിടെ വാദിച്ചുപോന്നു. മറ്റൊരംഗമായ മൂലൂർ എസ്.പത്മനാഭപ്പണിക്കരും മാധവനും ചേർന്ന് മെമ്മോറിയലുകളും സമർപ്പിച്ചിരുന്നു. 1095-ലെ പരിഷ്കരിക്കപ്പെട്ട നിയമനിർമ്മാണ സഭയിൽ കുമാരനാശാനും അംഗമായി. ഈഴവരുടെയും മറ്റ് അധഃസ്ഥിതരുടെയും പൗരാവകാശങ്ങൾക്കു വേണ്ടി കുമാരനാശാനും പരിശ്രമിച്ചു. പക്ഷേ, ഇതെല്ലാം നിഷ്ഫലമാകുകയാണുണ്ടായത്. അപ്പോഴാണ് മാധവൻ ഗാന്ധിജിയുമായി ബന്ധപ്പെടുവാൻ ശ്രമിച്ചത്.[9] അദ്ദേഹം മഹാത്മാഗാന്ധിയെ തിരുനൽവേലിയിൽ വച്ചു സന്ദർശിച്ചു സംഭാഷണം നടത്തി. ക്ഷേത്രപ്രവേശനത്തിനുവേണ്ടി സത്യാഗ്രഹം അനുഷ്ഠിക്കുവാനായിരുന്നു, ഗാന്ധിജിയുടെ ഉപദേശം. ഗാന്ധിജിയുടെ അനുമതി ലഭിച്ചതോടെ പത്രങ്ങളും പല സംഘടനകളും ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ നിലപാടു കൈക്കൊണ്ടു.[10] ഉടൻതന്നെ സത്യാഗ്രഹം ആരംഭിക്കാതെ കോൺഗ്രസിന്റെ 38-ാം സമ്മേളനത്തിൽ പങ്കെടുത്ത് ഈ പ്രശ്നം അവതരിപ്പിക്കുവാനാണ് മാധവൻ ശ്രമിച്ചത്. കോകനദ(കാക്കിനാഡാ)യിൽ ചേർന്ന സമ്മേളനത്തിൽ സർദാർ കെ.എം. പണിക്കർ, കെ.പി. കേശവമേനോൻ

എന്നിവരോടൊപ്പം പങ്കെടുത്തു് ശ്രമിച്ചതിന്റെ ഫലമായി അയിത്തോച്ചാടനം കോൺഗ്രസിന്റെ മുഖ്യപരിപാടിയായി അംഗീകരിപ്പിക്കുന്നതിനു് മാധവനു സാദ്ധ്യമായി. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന കോൺഗ്രസ് കമ്മററി അയിത്തോച്ചാടന പ്രചാരണത്തിനായി ഒരു സംഘത്തെ നിയോഗിച്ചു. കോൺഗ്രസ് ഡെപ്യൂട്ടേഷൻ എന്നറിയപ്പെട്ട പ്രചാരണ സംഘം കൺവീനർ കെ. കേളപ്പനായിരുന്നു. കെ.പി. കേശവമേനോൻ, ബാരിസ്റ്റർ ഏ.കെ. പിളള, കുറൂർ നീലകണ്ഠൻ നംപൂതിരിപ്പാട് എന്നിവർ അംഗങ്ങളും.

ഈ സംഘത്തിന്റെ പര്യാടനത്തിനിടയിലാണ് വൈക്കത്തു വച്ചു് അവിടെ ക്ഷേത്ര റോഡിൽ തീണ്ടൽ ജാതിക്കാർക്കു സഞ്ചാര സ്വാതന്ത്ര്യമില്ല എന്ന വസ്തുത ഒരു പ്രശ്നമായവതരിപ്പിക്കപ്പെട്ടതു്. സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്യുവാൻ ജനങ്ങൾ തയ്യാറായതിനാൽ ഒരുമാസത്തിനു ശേഷം സമരമാരംഭിക്കുവാൻ നിശ്ചയിച്ചു. ഗാന്ധിജിയെ വിവരമറിയിക്കുകയും അനുമതി നേടുകയും ചെയ്തു.

1924 മാർച്ച് 30-ന് സത്യാഗ്രഹം ആരംഭിക്കുകയും പ്രമുഖ നേതാക്കളെല്ലാം അറസ്റ്റുവരിക്കയും ചെയ്തു. തമിഴ്നാട് കോൺഗ്രസ് കമ്മററി പ്രസിഡൻറ് ഇ.വി. രാമസ്വാമിനായ്ക്കർ വൈക്കത്തെത്തി അറസ്റ്റു വരിച്ചു. സ്വാമി ദയാനന്ദന്റെ ശിഷ്യനായ ശ്രദ്ധാനന്ദസ്വാമി, ശ്രീനാരായണഗുരു തുടങ്ങിയവരും ക്യാംപു് സന്ദർശിച്ചു. റീജൻറ് മഹാറാണിയെ വിവരങ്ങൾ ധരിപ്പിക്കുവാൻ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണജാഥ നടത്തപ്പെട്ടു. 1925 മാർച്ച് 9-ന് ഗാന്ധിജി വൈക്കത്തെത്തി അവർണ്ണ നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും

ഫലമുണ്ടായില്ല. തുടർന്നു ഗാന്ധിജി മഹാറാണി, ഇളയറാണി, മഹാരാജാവ്, ദിവാൻ, പോലീസ് കമ്മീഷണർ എന്നിവരെയെല്ലാം സന്ദർശിച്ച് ചർച്ച നടത്തി. കിഴക്കേ റോഡ് ഒഴികെയുള്ള റോഡുകൾ എല്ലാവർക്കുമായി തുറന്നുകൊടുക്കാൻ വ്യവസ്ഥയുണ്ടായി. കിഴക്കേ റോഡുകൂടി തുറക്കാം എന്നു പിന്നീട് സമ്മതിച്ചതിനെത്തുടർന്നു 1925 നവംബർ 23-ന് സത്യാഗ്രഹം സമാപിച്ചു.

അവർണ്ണ ഹിന്ദുക്കൾക്കു വൈക്കത്തു ലഭിച്ച സ്വാതന്ത്ര്യം തിരുവിതാംകൂറിലെ മറ്റു ക്ഷേത്രങ്ങളുടെ കാര്യത്തിൽ ലഭിക്കുകയുണ്ടായില്ല. അതിനായ അമ്പലപ്പുഴ, തിരുവാർപ്പു, ശുചീന്ദ്രം മുതലായ സ്ഥലങ്ങളിലും ക്ഷേത്രനിരത്തുകളിലെ സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള സമരം നടന്നു. 1928-ൽ തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രനിരത്തുകളും സമസ്ത ഹിന്ദുക്കൾക്കുമായി തുറന്നു കൊടുത്തു.[11]

വൈക്കം സത്യാഗ്രഹം അയിത്തത്തിനെതിരായുള്ള സമരം മാത്രമായിരുന്നതിനാൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമല്ല എന്നു അഭിപ്രായപ്പെടുന്നവരുണ്ട്. പക്ഷേ, ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം വിദേശാധിപത്യത്തിനെതിരായി മാത്രമുള്ള സമരമായിരുന്നില്ലെന്നും വൈക്കം സത്യാഗ്രഹം ഗാന്ധിജിയോടും ഇൻഡ്യൻ നാഷനൽ കോൺഗ്രസിനോടും സജീവബന്ധം പുലർത്തിയിരുന്നു എന്നുമുള്ളവസ്തുതകൾ പരിഗണിക്കുമ്പോൾ വൈക്കം സത്യാഗ്രഹത്തെ ഒറ്റപ്പെട്ട സമരമായി കണക്കാക്കുക ശരിയല്ലെന്നു വരുന്നു. 'സാമൂഹികവും രാഷ്ട്രീയവുമായ പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ ഒരേ സമയത്തു തുല്യശക്തിയോടെ ചെയ്തു കൊണ്ടിരിക്കണമെന്നായിരുന്നു, മാധവന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ നേതൃത്വം ഈഴവസമുദായത്തെ

ദേശീയധാരയിൽ കൊണ്ടുവരികയും തിരുവിതാംകൂറിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും ചെയ്തു'.[12] എന്ന അഭിപ്രായം ശ്രദ്ധേയമാണ്. അതോടൊപ്പം സത്യാഗ്രഹവും ഗാന്ധിജിയും തമ്മിലുള്ള താദാത്മീകരണം മറ്റൊരു ചരിത്രകാരൻ അനുസ്മരിക്കുന്നതും അനുസന്ധേയ മാണ്. 'ഗാന്ധിജിയിൽ നിന്നു വ്യത്യസ്തമായ ഒരു വ്യക്തിത്വം സത്യാഗ്രഹ ത്തിനു് കേരളത്തിനു പുറത്തു് ഇല്ലായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യാ ഗവൺ മെൻറ് സത്യാഗ്രഹത്തെ കണ്ടത് ഒരു ഗാന്ധിയൻ പരിപാടിയായിട്ടാണ്.[13]

1926-ൽ, തിരുവിതാംകൂർ ദിവാൻ എം.ഇ. വാട്സ് 'പത്ര റഗുലേഷൻ' എന്ന കുപ്രസിദ്ധമായ നിയമം കൊണ്ടുവന്നതു് സാർവ്വത്രിക മായ പ്രതിഷേധം ക്ഷണിച്ചുവരുത്തി. ദിവാൻഭരണത്തെ വിമർശിച്ച പത്രങ്ങളെ നിർവീര്യമാക്കുകയായിരുന്നു, നിയമത്തിൻെറ ലക്ഷ്യം. 'കേസരി' ബാലകൃഷ്ണപിള്ള പത്രറഗുലേഷനെതിരായും ശബ്ദമുയർത്തി. ഭരണകൂടവു മായി ഏററുമുട്ടിയ ബാലകൃഷ്ണപിള്ള 'കേസരി' 'പ്രബോധകൻ' എന്നീ പത്രങ്ങൾ നിർത്തിവക്കുവാൻ നിർബന്ധിതനായി.

1930-ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് നിയമ ലംഘനമാരംഭിച്ചപ്പോൾ തിരുവിതാംകൂറിൽ നിന്നു് പല യുവകോൺഗ്രസ് പ്രവർത്തകരും മലബാറിലും കേരളത്തിനു പുറത്തും സമരത്തിൽ പങ്കെ ടുക്കുവാനായി പോയി. ഗാന്ധിജിയുടെ ദണ്ഡിയാത്രയിൽ അദ്ദേഹത്തെ അനുഗമിച്ചവരുടെ കൂട്ടത്തിൽ തിരുവിതാംകൂർകാരായ സി.കൃഷ്ണൻ നായരും ടൈററസും ഉണ്ടായിരുന്നു. തിരുവിതാംകൂറിൽ നിന്നു ദേശീയപ്രസ്ഥാന ത്തിൽ ബന്ധപ്പെട്ടിരുന്ന മറ്റൊരു വ്യക്തി ബാരിസ്ററർ ജോർജ് ജോസഫ് ആണ്.

വിദേശവസ്ത്രഷാപ്പുകളുടെയും മദ്യഷാപ്പുകളുടെയും പിക്കറ്റിംഗ് തിരുവിതാംകൂറിൽ പല കേന്ദ്രങ്ങളിലും നടന്നിരുന്നു. 'മഹാത്മാ' പത്രാധിപർ അംശി നാരായണപിള്ള രചിച്ച 'സമയമായ് സമരമായ്' 'വരിക വരിക സഹജരേ' എന്നീ സമരഗാനങ്ങൾ അക്കാലത്തു നാട്ടിലുടനീളം അലയടിച്ചു.

തിരുവിതാംകൂർ രാഷ്ട്രീയത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നാണു നിവർത്തനപ്രസ്ഥാനം. 1932-ൽ ശ്രീചിത്തിരതിരുനാൾ അധികാരമേറ്റ ശേഷം നിയമസഭയ്ക്കു രണ്ടു മണ്ഡലങ്ങൾ രൂപീകരിച്ചു. എന്നാൽ ഈഴവർ, ക്രിസ്ത്യാനികൾ, മുസ്ളീമുകൾ എന്നിവർക്കു് ജനസംഖ്യാനുപാതികമായി അംഗത്വം അനുവദിച്ചിരുന്നില്ല. നിയമസഭയിലും ഉദ്യോഗരംഗത്തും ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ആവശ്യപ്പെട്ട് മേല്പറഞ്ഞ സമുദായങ്ങൾ തെരഞ്ഞെടുപ്പു ബഹിഷ്കരിച്ചു. 'സംയുക്ത രാഷ്ട്രീയസഭ' എന്ന സമിതിയാണു് ഈ 'നിവർത്തനപ്രസ്ഥാന'ത്തിനു നേതൃത്വം നല്കിയതു്. തെരഞ്ഞെടുപ്പിനു ശേഷവും നടത്തിയ പ്രക്ഷോഭങ്ങളിലൂടെ ആവശ്യങ്ങൾ ഓരോന്നായി നേടിയെടുത്തു. സംയുക്തരാഷ്ട്രീയസഭ പിന്നീട് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആയിത്തീരുന്നു. തിരുവിതാംകൂറിലെ ജനങ്ങൾക്കു് പൂർണ്ണമായ ഉത്തരവാദഭരണം ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ സംഘടന പ്രവർത്തിച്ചു. സർ.സി.പി.രാമസ്വാമി അയ്യരായിരുന്നു ഈ സമയത്തു് ദിവാൻ. സ്റ്റേറ്റ് കോൺഗ്രസിന്റെ ശ്രമങ്ങളെ അദ്ദേഹം ഹീനമാർഗങ്ങളുപയോഗിച്ചും തകർക്കുവാൻ ശ്രമിച്ചു.

സർ.സി.പി.സ്വേച്ഛാധിപത്യമാണു നടത്തിയതെങ്കിലും അദ്ദേഹത്തിന്റെ ഭരണകാലത്തെ അവിസ്മരണീയ സംഭവമാണു്, ക്ഷേത്രപ്രവേശന

വിളംബരം. 1936 നവംബർ 12-ാം തിയതി തിരുവിതാംകൂർ മഹാരാജാവ് ശ്രീ.ചിത്തിരതിരുനാൾ ബാലരാമവർമ്മ തിരുവിതാംകൂറിലെ അവർണ്ണജാതിക്കാർക്കു ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചു. ഇന്ത്യയിൽ തന്നെ ഇദംപ്രഥമമായിരുന്നു, ഇത്തരമൊരു വിളംബരം. തന്റെ സ്വേച്ഛാപ്രഭുത്വത്തിനു മറയായിട്ടാണ് പുരോഗമനപരമായ ഈ നടപടിക്ക് ദിവാൻ പിന്തുണ നല്കിയത് എന്നഭിപ്രായപ്പെടുന്നവരുണ്ട്.[14] യൂത്ത്ലീഗ് എന്ന യുവജനവിഭാഗവും ഇക്കാലത്ത് കോൺഗ്രസിൽ രൂപീകരിച്ചു. ഉത്തരവാദഭരണത്തിനായി പ്രക്ഷോഭം തുടർന്നതോടെ സ്റ്റേറ്റ് കോൺഗ്രസും യൂത്തുലീഗും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. അനവധി പേർ അറസ്റ്റുവരിച്ചു. സമരം കൂടുതൽ ശക്തിയാർജിച്ചതോടെ നിരോധനം പിൻവലിച്ചു.

1942-ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കുകൊള്ളുവാൻ സ്റ്റേറ്റ് കോൺഗ്രസ് തീരുമാനിച്ചുവെങ്കിലും നേതാക്കളെല്ലാം തടങ്കലിലായിരുന്നതിനാൽ സമരം ശക്തമായില്ല.

തിരുവിതാംകൂറിൽ ആലപ്പുഴ, ചേർത്തല പ്രദേശങ്ങളിലാണ് കമ്മ്യൂണിസ്റ്റുപാർട്ടി ശക്തിപ്പെട്ടിരുന്നത്. 1946-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു. എങ്കിലും പുന്നപ്ര, വയലാർ എന്നീ സ്ഥലങ്ങളിൽ ജനകീയ മുന്നേറ്റങ്ങളുണ്ടായി. സി.പി. രാമസ്വാമി അയ്യർ നേരിട്ട് അവിടെ പട്ടാളത്തിനു നിർദ്ദേശങ്ങൾ നല്കി. പോലീസിനെ നാടൻ ആയുധങ്ങളുമായി നേരിട്ട നൂറുകണക്കിന് തൊഴിലാളികൾ വെടിയേറ്റു മരിച്ചു. ഈ സംഭവം ദിവാനെതിരായി ജനരോഷം ആളിക്കത്തുന്നതിന് ഇടയാക്കി.

ഇൻഡ്യയുടെ സ്വാതന്ത്ര്യം ഒരു യാഥാർത്ഥ്യമായി തീരുന്ന സന്ദർഭത്തിലാണ് ദിവാൻ സി.പി. രാമസ്വാമി അയ്യർ കുപ്രസിദ്ധമായ 'അമേരിക്കൻ മോഡൽ' ഭരണപരിഷ്കാരം പ്രഖ്യാപിച്ചത്. തിരുവിതാംകൂർ ഒരു സ്വതന്ത്രരാഷ്ട്രമായി നില്കുവാനാണുദ്ദേശിക്കുന്നത് എന്നദ്ദേഹം വ്യക്തമാക്കി. വീണ്ടും ജനരോഷം ആളിക്കത്തിയതിന്റെ ഫലമായി ഇൻഡ്യൻ യൂണിയനിൽ ചേരുവാനുള്ള തീരുമാനത്തിൽ ഒപ്പുവച്ചശേഷം ദിവാൻ കേരളം വിട്ടു. സ്വതന്ത്ര ഇൻഡ്യയ്ക്കു മംഗളമാശംസിച്ചു കൊണ്ടു് മഹാരാജാവിന്റെ സന്ദേശം ആഗസ്റ്റ് 15-ന് പുറപ്പെടുവിച്ചു.

മലയാളികളുടെ മനസ്സിൽ രൂഢമൂലമായി കിടന്ന മഹത്തായ ഒരഭിലാഷമായിരുന്നു, ഐക്യകേരളം. മലബാറിൽ രൂപം കൊണ്ട മലബാർ പ്രദേശ് കോൺഗ്രസ് കമ്മറ്റി താമസിയാതെ കേരള പ്രദേശ് കോൺഗ്രസ് കമ്മറ്റി എന്ന നാമധേയം സ്വീകരിച്ചതും ഈ അഭിലാഷത്തിന്റെ സൂചനയായിരുന്നു.

ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തി ഉറപ്പായപ്പോൾ തന്നെ ഐക്യകേരളത്തിനു വേണ്ടിയുള്ള ശ്രമങ്ങളാരംഭിച്ചു. കേരള പ്രദേശ് കോൺഗ്രസ് കമ്മറ്റി ഇതിനായി പ്രത്യേക കമ്മറ്റിയെ നിയമിച്ചു.

1949 ജൂലൈ 1-ാം തിയതി തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നു. സംസ്ഥാന പുനസ്സംഘടനാ നിയമമനുസരിച്ചു് ഭാഷയുടെ അടിസ്ഥാനത്തിൽ പുതിയ സംസ്ഥാനങ്ങൾ നിലവിൽ വന്നപ്പോൾ 1956 നവംബർ 1-ാം തിയതി മലബാറും കൂടിച്ചേർന്നു് ഐക്യകേരളം ഒരു യാഥാർത്ഥ്യമായി.

7803

കേരളം മൂന്നായി മുറിഞ്ഞുകിടന്നിരുന്നപ്പോഴും മലയാളികളെ പരസ്പരം ബന്ധിക്കുന്നതിനും ഐക്യകേരളം എന്ന ലക്ഷ്യത്തിലേക്കടുപ്പിക്കുന്നതിനും പത്രമാസികകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയിലും പത്രമാസികകൾക്കു നിർണ്ണായകമായ സ്ഥാനമാണുള്ളത്. രാഷ്ട്രീയവും സാമുദായികവുമായ വാർത്തകൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുവാനും പുരോഗമനാശയങ്ങളും സ്വതന്ത്ര ചിന്താഗതിയും രൂപപ്പെടുത്തുവാനും ഈ മാദ്ധ്യമങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ജനകീയമുന്നേറ്റങ്ങളുടെ പിന്നിൽ ശക്തിപകർന്നുകൊണ്ട് നിലകൊള്ളുവാൻ പല പത്രങ്ങൾക്കും കഴിഞ്ഞിരുന്നു എന്നതു വിസ്മരിക്കാനാവില്ല.

മലയാളത്തിലെ പത്രപ്രവർത്തനം ആരംഭിക്കുന്നത് രാജ്യസമാചാരം (1847), പശ്ചിമോദയം (1847), ജ്ഞാനനിക്ഷേപം (1848) എന്നീ പ്രസിദ്ധീകരണങ്ങളിലൂടെയാണ്. വൃത്താന്തപത്രത്തിന്റെ ശൈലിയും സ്വഭാവവും കൈവന്ന ആദ്യപത്രമായ 'കേരളമിത്രം' (1881) കണ്ടത്തിൽ വർഗീസ്മാപ്പിളയുടെ പത്രാധിപത്യത്തിലായിരുന്നു. 1884-ൽ മലബാറിൽ നിന്ന് ആദ്യത്തെ വൃത്താന്തപത്രമായ 'കേരളപത്രിക' പ്രസിദ്ധപ്പെടുത്തി. ചെങ്കളത്തു കുഞ്ഞിരാമമേനോനായിരുന്നു, മുഖ്യപത്രാധിപർ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ലേഖകരിൽ പ്രധാനിയും. രാഷ്ട്രീയ സാമുദായിക സാഹിത്യ വിഷയങ്ങളിൽ ജനങ്ങൾക്കു മാർഗ്ഗദർശനം നല്കുവാൻ 'കേരളപത്രിക'യ്ക്കു സാധിച്ചിരുന്നു. കുഞ്ഞിരാമമേനോന്റെ മരണശേഷം എം. ആർ. കെ. സി. പത്രാധിപരായി. ഇൻഡ്യൻ നാഷനൽ കോൺഗ്രസിന് 'ഭാരതമഹാജനസഭ' എന്ന പരിഭാഷ നല്കിയത് കുഞ്ഞിരാമമേനോനാണ്.

1886-ൽ ആരംഭിച്ച 'മലയാളി' യുടെ പിന്നിൽ സി.കൃഷ്ണൻ, പി. താണുപിള്ള, സി.വി.രാമൻപിള്ള എന്നിവർ പ്രവർത്തിച്ചിരുന്നു. 'മലയാളി മെമ്മോറിയലി'ന് പ്രചോദനം പകർന്നതും ഈ പത്രമായിരുന്നു.

'നസ്രാണിദീപിക' എന്ന പേരിൽ 1887-ൽ കോട്ടയത്തിനടുത്തു മാന്നാനത്തു നിന്നു പ്രസിദ്ധീകരിച്ചു തുടങ്ങിയ പത്രം പിന്നീട് 'ദീപിക' യായി. പൗരാവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുവാൻ ഈ പത്രത്തിനു കഴിഞ്ഞിട്ടുണ്ട്.

1888-ൽ കോട്ടയത്തു നിന്ന് കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ മലയാളമനോരമ' ആരംഭിച്ചു. ആരംഭം മുതൽ തന്നെ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനു ശ്രമിച്ചിരുന്നു. 'മലയാളി മെമ്മോറിയൽ' 'ഈഴവമെമ്മോറിയൽ' 'നിവർത്തന പ്രസ്ഥാനം' എന്നിവയുടെ പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നല്കി. സർ.സി.പി.യുടെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ എതിർത്തതിനാൽ പത്രം നിരോധിക്കപ്പെട്ടു. 1938-ൽ സർ.സി.പി. അടച്ചുപൂട്ടിയ പത്രം സ്വാതന്ത്ര്യലബ്ധിക്കു ശേഷമാണ് പുനഃപ്രസിദ്ധീകരണം ആരംഭിച്ചത്.

മഹാകവി കുമാരനാശാനും എം.ഗോവിന്ദനും പത്രാധിപൻമാരായി പ്രസിദ്ധീകരിച്ചിരുന്ന വിവേകോദയം(1904). എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രമായിരുന്നു. അവശസമുദായങ്ങളുടെ ഉത്കർഷത്തിന് ഒട്ടേറെ സഹായകമായിട്ടുണ്ട് ഈ മാസിക പരവൂർ വി. കേശവനാശാൻ സമുദായസേവനം മുൻനിർത്തി 1891-ൽ ആരംഭിച്ച വാരികയായ 'സുജനാ നന്ദിനി', സാമുദായികപുരോഗതിയ്ക്ക് വിലപ്പെട്ട സംഭാവനകളർപ്പിച്ചു.

തലശ്ശേരിയിൽ നിന്നു് 1907-ൽ പ്രസിദ്ധീകരണമാരംഭിച്ച 'മിതവാദി'യുടെ പത്രാധിപർ മൂർക്കോത്തു കുമാരനായിരുന്നു. 1913-ൽ സി. കൃഷ്ണൻ 'മിതവാദി'യുടെ പത്രാധിപത്യം ഏറ്റെടുത്തു് കോഴിക്കോട്ടുനിന്നു പ്രസിദ്ധീകരിച്ചു തുടങ്ങി. അധഃകൃതരുടെ ഉദ്ധാരണത്തിനുവേണ്ടി ശക്തിയായി വാദിച്ച പത്രമായിരുന്നു, ഇതു്. 1911-ൽ സി.വി. കുഞ്ഞുരാമന്റെ പത്രാധിപത്യത്തിൽ മയ്യനാട്ടുനിന്നു് പ്രസിദ്ധീകരിച്ചു തുടങ്ങിയ 'കേരളകൗമുദി' കേരളത്തിന്റെ സാമൂഹികസാംസ്കാരിക പ്രശ്നങ്ങളോടു സജീവമായി പ്രതികരിച്ചുപോന്നു.

കൊല്ലത്തു നിന്നു് 1915-ൽ ടി.കെ. മാധവൻ പത്രാധിപരായി പ്രസിദ്ധീകരിച്ച വാരികയായിരുന്നു 'ദേശാഭിമാനി'. അധഃകൃതോദ്ധാരണം, പൗരസമത്വം, മദ്യവർജനം, നിസ്സഹകരണപ്രസ്ഥാനം, ക്ഷേത്രപ്രവേശന പ്രക്ഷോഭം എന്നിവയ്ക്കെല്ലാം ശക്തമായ പിന്തുണ നല്കുവാൻ ഈ പത്രികയ്ക്കു കഴിഞ്ഞിരുന്നു.

കെ. അയ്യപ്പൻ 1917-ൽ മാസികയായി ആരംഭിച്ച 'സഹോദരൻ' കേരളീയർക്കിടയിൽ സമത്വത്തിനും നീതിക്കും വേണ്ടിയുള്ള പല സമരങ്ങൾക്കും പിന്തുണ നല്കി. നംപൂതിരി സമുദായത്തിന്റെ പരിഷ്കരണത്തിനു വേണ്ടി ആരംഭിച്ച 'യോഗക്ഷേമം' 'ഉണ്ണി നംപൂതിരി' എന്നീ മാസികകളും ചിന്താപരമായ പരിവർത്തനങ്ങൾക്കു വഴിതെളിച്ചവയാണു്. നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രമായി 1920-ൽ സമാരംഭിച്ച 'സർവ്വീസ്' ദേശീയപ്രസ്ഥാനത്തിനു് ശക്തിപകരുന്നതിനും ദേശീയബോധം വളർത്തുന്നതിനും സഹായിച്ചു.

1899-ൽ 'കേരളദർപ്പണ'ത്തിന്റെ പത്രാധിപരായി പത്രരംഗത്തു വന്ന കെ. രാമകൃഷ്ണപിള്ള 1901-ൽ 'കേരളപഞ്ചിക' എന്ന മറ്റൊരു പത്രത്തിന്റെ ചുമതലയേറ്റെടുത്തു. തുടർന്ന് എം.ആർ. മാധവവാരിയരുടെ 'മലയാളി'യിൽ 'കേരളൻ' എന്ന തൂലികാനാമത്തിൽ ലേഖനങ്ങളെഴുതി. എപ്പോഴും ഭരണകൂടത്തെ നിശിതമായി വിമർശിച്ചിരുന്നതിനാൽ ഒരു പത്രത്തിലും സ്ഥിരമായി തുടരുവാൻ സാധിച്ചില്ല. 1906-ൽ വക്കം അബ്ദുൾ ഖാദർ മൗലവിയുടെ ഉടമസ്ഥതയിലുള്ള 'സ്വദേശാഭിമാനി'യുടെ പത്രാധിപരായി. അതിലൂടെ ഭരണകൂടത്തെ രൂക്ഷമായി വിമർശിച്ചതിനാൽ നാടുകടത്തപ്പെട്ടു.

ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ കെ.പി. കേശവമേനോന്റെ പത്രാധിപത്യത്തിൽ കോഴിക്കോട്ടു നിന്ന് 1923-ൽ 'മാതൃഭൂമി' പ്രസിദ്ധീകരണമാരംഭിച്ചു. മലബാർ പ്രദേശത്തു ദേശീയപ്രസ്ഥാനത്തിൽ വ്യാപൃതരായിരുന്ന നേതാക്കൾ തന്നെയായിരുന്നു പത്രത്തിന്റെ പ്രവർത്തകർ. വൈക്കം സത്യാഗ്രഹത്തിനും ഗുരുവായൂർ സത്യാഗ്രഹത്തിനും 'മാതൃഭൂമി' ശക്തമായ പിന്തുണ നല്കി.

ദേശീയ നേതാവായിരുന്ന മുഹമ്മദ് അബ്ദുൾ റഹ്മാൻ കോഴിക്കോട്ടു നിന്നാരംഭിച്ച അൽ അമീൻ (1924) എന്ന പത്രം മുസ്ളീമുകളുടെയിടയിൽ ദേശീയബോധം വളർത്തുവാൻ ഏറെ സഹായിച്ചു.

1929-ൽ കോൺഗ്രസ് ആശയങ്ങളുടെ പ്രചാരണത്തിനായി കെ.ജി. ശങ്കർ കൊല്ലത്തു നിന്നും 'മലയാളരാജ്യം' എന്ന വാരിക പ്രസിദ്ധീകരിച്ചു തുടങ്ങി. ആരംഭകാലത്തു തന്നെ സത്വരമായ വളർച്ചനേടിയ

മലയാളരാജ്യം ദിനപത്രമായപ്പോൾ രാഷ്ട്രീയ സാമൂഹിക രംഗത്തു് സഫലമായ നേതൃത്വം നല്കിപ്പോന്നു. 1930-ലാണു് എ. ബാലകൃഷ്ണപിള്ള 'കേസരി' എന്ന വാരിക തുടങ്ങിയതു്. ഭരണകർത്താക്കളെ കർക്കശമായി വിമർശിച്ച ബാലകൃഷ്ണപിള്ളയ്ക്ക് ഭരണകർത്താക്കളുടെ സമ്മർദ്ദം മൂലം പത്രപ്രവർത്തനം ഉപേക്ഷിക്കേണ്ടിവന്നു. 1936-ൽ എറണാകുളത്തു നിന്നാരംഭിച്ച 'മലബാർ മെയിൽ' ഉത്തരവാദപ്രക്ഷോഭണത്തെ പിന്തുണച്ചതിനാൽ തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടു. 1939-ൽ കോട്ടയത്തു നിന്നു പുറപ്പെട 'പൗരധ്വനി'യും ദേശീയപ്രസ്ഥാനത്തിനു ശക്തിപകർന്ന ദിനപത്രമാണു്. വി.ആർ. കൃഷ്ണനെഴുത്തച്ഛന്റെ പത്രാധിപത്യത്തിൽ തൃശൂർ നിന്നും ആരംഭിച്ച 'ദീനബന്ധു'വാണു് സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്തിയ മറ്റൊരു പത്രം. 1944-ൽ തൃശൂരിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ചു തുടങ്ങിയ എക്സ്പ്രസ് എന്ന ദിനപത്രവും ദേശീയപ്രസ്ഥാനത്തിനു വിലപ്പെട്ട സംഭാവന നല്കിയിട്ടുണ്ടു്. 1944-ൽ ഷൊർണൂരിൽ നിന്നാരംഭിച്ച പ്രഭാതം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു, പത്രാധിപർ. ഭഗത്സിങ്ങിനെ പ്പറ്റി കവിത പ്രസിദ്ധീകരിച്ചതിനാൽ മദ്രാസ് ഗവൺമെന്റ് ലൈസൻസ് റദ്ദു് ചെയ്തു. 1942-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായാരംഭിച്ച 'ദേശാഭിമാനി' (കോഴിക്കോട്) 1946-ൽ ദിനപത്രമായി. പല തവണ നിരോധിക്കപ്പെട്ടു.

തൃശൂരിൽ നിന്നു് 1920-ൽ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ലോകമാന്യൻ', അവിടെ നിന്നുതന്നെ അംശി നാരായണപിള്ള പ്രസിദ്ധീകരിച്ച 'മഹാത്മാ' എറണാകുളത്തുനിന്നു് പാലിയത്തു് കുഞ്ഞുണ്ണി അച്ചൻ പ്രസിദ്ധപ്പെടുത്തിയ 'ഭജേകേരളം',

കൊല്ലത്തു നിന്നു് 1921-ൽ ഏ.കെ.പിള്ള പ്രസിദ്ധീകരിച്ചു തുടങ്ങിയ 'സ്വരാട്', കൊച്ചിയിൽ നിന്നു് എം.എം. വർക്കി പ്രസിദ്ധീകരിച്ചിരുന്ന 'കേരളദാസൻ', 'ദാസൻ' എന്നിവയും കേരളത്തിലെ ദേശീയപ്രസ്ഥാനത്തിനു് വിവിധഘട്ടങ്ങളിൽ ശക്തി പകർന്നവയാണു്.

കേരളത്തിന്റെ ഉദ്ഗ്രഥനത്തിനു സഹായിച്ചതോടൊപ്പം അഖണ്ഡ ഭാരതം ഒരു യാഥാർത്ഥ്യമായി അനുഭവപ്പെടുന്നതിനും പത്രമാസികകൾ സാഹചര്യമൊരുക്കി.

ബ്രിട്ടീഷുകാർ മലബാറിൽ നേരിട്ടും കൊച്ചിയിലും തിരുവിതാം കൂറിലും രാജാക്കൻമാരുടെ പിന്നിൽ നിന്നും ഭരിക്കുകയായിരുന്നു. തൻമൂലം ദേശീയപ്രസ്ഥാനധാരയിലേക്കു് കേരളം സാകല്യേന കടന്നുവന്നില്ല. ബ്രിട്ടീഷധി കാരത്തിന്റെ തിക്തഫലങ്ങൾ നേരിട്ടനുഭവിച്ച മലബാർ പ്രദേശം ദേശീയ പ്രസ്ഥാനത്തിന്റെ ധാരയിലേക്കു് ആദ്യം എത്തിച്ചേർന്നതു് സ്വാഭാവികം മാത്രം.

എന്നാൽ കേരളത്തിലൊട്ടാകെ ഈ കാലഘട്ടം നവോത്ഥാനത്തിന്റെയും ബഹുജനമുന്നേറ്റത്തിന്റെയുമായിരുന്നു. സ്വാതന്ത്ര്യബോധം ജനമനസ്സുകളിൽ ശക്തമായതിന്റെ ഫലമായിരുന്നു ഇതു്.

എസ്.എൻ.ഡി.പി.യോഗത്തിന്റെ പ്രവർത്തനങ്ങൾ ഈഴവസമുദായ ത്തിന്റെ സമഗ്രമായ സ്വാതന്ത്ര്യം ലക്ഷ്യമാക്കി. ആരാധനയ്ക്കും സഞ്ചാര ത്തിനും വിദ്യാഭ്യാസത്തിനുമുള്ള സ്വാതന്ത്ര്യം, ഈഴവർക്കു് ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം നേടുവാനുള്ള സമരം വരെ നടന്നു. അതോടൊപ്പം സ്വന്തം സമുദായത്തിലെ ദുരാചാരങ്ങൾക്കെതിരായും സമരം നടന്നു.

എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രവർത്തനങ്ങൾ മറ്റു സമുദായങ്ങൾക്കു മാതൃകയായി. പുലയസമുദായത്തിന്റെ സമുദ്ധാരണത്തിനു് അയ്യങ്കാളി 'സാധുജനപരിപാലനയോഗം' സംഘടിപ്പിച്ചു. അതിന്റെ ഫലമായി തിരുവിതാംകൂറിലെ പൊതുനിരത്തുകളിൽ പുലയർക്കു സഞ്ചാര സ്വാതന്ത്ര്യം ലഭിച്ചു. കൊച്ചിയിൽ പുലയരുടെ അവകാശസംരക്ഷണത്തിനായി പുലയമഹാസഭ രൂപീകരിക്കപ്പെട്ടതും ഈ പശ്ചാത്തലത്തിലാണു്. പണ്ഡിറ്റ് കെ.പി. കറുപ്പന്റെ നേതൃത്വത്തിൽ കൊച്ചിയിൽ ധീവരസമുദായാംഗങ്ങൾ സംഘടിച്ചു. 'വാലസമുദായ പരിഷ്കാരിണി സഭ' എന്ന പേരിൽ.

അവർണ സമുദായങ്ങളിൽ ഉദ്ദീപിതമായ അവകാശബോധം തിരുവിതാംകൂറിലെ നായർ സമുദായത്തിലേക്കും സംക്രമിച്ചു. അങ്ങനെ രൂപം കൊണ്ടതാണു്, മലയാളി മെമ്മോറിയൽ. രാജഭരണത്തെ പിൻതാങ്ങി നിന്ന തമിഴ് ബ്രാഹ്മണ മേധാവിത്വത്തിനെതിരേ ശബ്ദമുയർത്തുവാൻ അവർ സന്നദ്ധരായി. രാജഭരണത്തിന്റെ ദുർനയങ്ങളെ നിശിതമായി വിമർശിക്കുവാൻ തയ്യാറായ സ്വദേശാഭിമാനി രാമകൃഷ്ണപിളള വിശാലമായ അവകാശബോധത്തിന്റെ ഉദ്ഘോഷകനായി. മാർക്സിയൻ ആശയങ്ങൾ കേരളീയർക്കു പരിചയപ്പെടുത്തുവാനും അദ്ദേഹം മറന്നില്ല. ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ബഹുമുഖമായ പ്രവർത്തനങ്ങളും നായർ സമുദായത്തിന്റെ വിശാലവീക്ഷണത്തെ കരുപ്പിടിപ്പിച്ചു. കൂട്ടുകുടുംബം, മരുമക്കത്തായം തുടങ്ങി സ്വസമുദായത്തിലെ അനീതികാര്യമായ വ്യവസ്ഥകൾക്കെതിരായി പ്രവർത്തിച്ച നായർ സർവീസ് സൊസൈറ്റി അവശസമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനായും പ്രവർത്തിക്കുകയുണ്ടായി. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് അധഃകൃതരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുവാൻ നായർ സമുദായം സന്നദ്ധമായി. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യത്തെ

സെക്രട്ടറി തിരുവിതാംകൂറുകാരനായ മന്നത്തു പത്മനാഭപിള്ളയും പ്രസിഡന്റ് മലബാർകാരനായ കേളപ്പനുമായിരുന്നു. അങ്ങനെ എസ്.എൻ.ഡി.പി.യോഗത്തെപ്പോലെ തന്നെ കേരളത്തെ ഒന്നായി കാണുവാൻ നായർ സർവ്വീസ് സൊസൈറ്റിയും സഹായിച്ചു. സ്വാതന്ത്ര്യസമരചരിത്രത്തിലെ ഗാന്ധിയൻ കാലഘട്ടവുമായി ബന്ധപ്പെട്ടുകൊണ്ടാണ് നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തനങ്ങൾ. "ദേശീയ വീക്ഷണം ഉൾക്കൊണ്ടായിരുന്നു സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രമായ 'സർവ്വീസ് മാസിക'യുടെ ഓരോ ലക്കവും പുറത്തുവന്നത്. ഖാദിയും ഗാന്ധിത്തൊപ്പിയും മറ്റും സൊസൈറ്റി പ്രവർത്തകര സ്വീകരിക്കുവാൻ പാകത്തിൽ ദേശീയതയുടെ ബീജാവാപം സൊസൈറ്റി പ്രവർത്തനത്തിൽ ആദ്യകാലത്തു തന്നെ നടന്നിരുന്നു."[15]

സാമൂഹ്യപരിഷ്കാരങ്ങൾക്കു വേണ്ടിയുള്ള സംഘടിതശ്രമങ്ങൾ കേരള സമൂഹത്തിന്റെ ഉന്നതശ്രേണിയിലുമുണ്ടായി. 1908-ൽ ആരംഭിച്ച യോഗക്ഷേമസഭ നംപൂതിരി സമുദായത്തിൽ പരിഷ്കരണങ്ങൾ വരുത്തുവാൻ ഉദ്ദിഷ്ടമായിരുന്നു. നംപൂതിരി യുവാക്കൾ സ്വസമുദായത്തിൽ നിന്നു തന്നെ വിവാഹം കഴിക്കുക, അന്തർജനങ്ങളുടെ പർദ്ദ സംപ്രദായം നിർത്തലാക്കുക വൈധവ്യവിധികൾ അവസാനിപ്പിക്കുക എന്നിവ യോഗക്ഷേമസഭ ഉയർത്തിപ്പിടിച്ച ആവശ്യങ്ങളായിരുന്നു.

സാമൂഹിക പരിഷ്കരണശ്രമങ്ങൾ മുസ്ളീംസമുദായത്തെയും ഒഴിവാക്കിയില്ല. വക്കം അബ്ദുൾ ഖാദർ മൗലവി മുസ്ളീങ്ങളുടെ സാമൂഹികോന്നമനത്തിനും സാൻമാർഗ്ഗികോജ്ജീവനത്തിനും നേതൃത്വം നല്കി. 'സ്വദേശാഭിമാനി' പത്രത്തിന്റെ ഉടമയായിരുന്ന മൗലവി സ്വന്തം പത്രാധിപത്യത്തിൽ നടത്തിയ 'മുസ്ളീം', 'ദീപിക' എന്നീ പത്രങ്ങളിലൂടെ മുസ്ളീങ്ങളെ പ്രബുദ്ധരാക്കി.

ഈഴവനും, പുലയനും, നായരും, നംപൂതിരിയും, മുസ്ലീമും ജാതിവ്യത്യാസം മറന്ന് കാലഘട്ടത്തിന്റെ സ്വാധീനമുൾക്കൊണ്ട് ഉണരുന്നതാണ് നാമിവിടെ കാണുന്നത്. ജാതിയും മതവും മാനുഷികതക്ക് വഴിമാറി. മതങ്ങളുടെ ഈ മാനുഷീകരണം സംഘടിതമതത്തിന്റെ ആചാരജഡിലതകളെ ശിഥിലമാക്കി. മനുഷ്യന്റെ വ്യക്തന്തരബന്ധങ്ങൾ കൂടുതൽ വിശുദ്ധമായി ഭാര്യാഭർതൃബന്ധത്തിലും പിതാപുത്ര ബന്ധത്തിലും വരെ ആശാസ്യമായ മാറ്റങ്ങളുണ്ടായി. ആകെക്കൂടി മനുഷ്യമഹത്വബോധം കേരളീയരിൽ ശക്തമായി എന്നതാണ് ഈ കാലഘട്ടത്തിന്റെ സവിശേഷത.

അഖണ്ഡഭാരതത്തെക്കുറിച്ചുള്ള അഭിമാനവും കേരളത്തെപ്പറ്റിയുള്ള അഭിമാനവും സംപൃക്തമായിരുന്നു. ഐക്യകേരളം ഒരു രാഷ്ട്രീയഘടനയായി രൂപപ്പെടുന്നതിനും മുൻപ് കേരളത്തെ ഏകമായി കാണുവാനും കേരളീയമായ പ്രകൃതിയെയും സംസ്കാരത്തെയും സ്നേഹിക്കുവാനും ശക്തമായ പ്രേരണയുണ്ടായി. മലയാളഭാഷയോടും കേരളീയകലകളോടും സവിശേഷമായ ആദരവും സ്നേഹവും ഉണ്ടാകുവാനും നവോത്ഥാനം ഹേതുവായി. ഭാരതത്തിന്റെ ഗതകാലമഹിമയുടെ വീണ്ടെടുക്കൽ കേരളപ്പഴമയുടെ സുവർണ്ണതകളെ അന്വേഷിക്കുവാൻ പ്രേരകമായി. ഈ പരിവർത്തനങ്ങൾ സമകാലീന കവിതകളെ പ്രഭാവിതമാക്കി.

## കുറിപ്പുകൾ

1. ജി.പി. പിള്ള. <u>ലണ്ടനും പാരീസും.</u> (ഡി.സി. ബുക്സ്, കോട്ടയം. 1982.) പു. 13.

2. "1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ മാതൃകയിലുള്ള ഒരു സമരം തന്നെയായിരുന്നു, 1921-ൽ തെക്കേ മലബാറിൽ നടന്നത്. അതിലുണ്ടായതുപോലുള്ള അനുഭവങ്ങൾ ഇതിലും ഉണ്ടായിട്ടുണ്ട്. അനവധി പേർ തൂക്കുമരത്തിൽ ഏറ്റപ്പെട്ടു. പരസ്യമായി നിർത്തി പലരേയും തോക്കിനിരയാക്കി. അനവധി പേർ ആൻഡമാനിലേയ്ക്കു നാടുകടത്തപ്പെട്ടു. വിചാരണകൂടാതെ പലരേയും ദീർഘകാലം തടവിൽ പാർപ്പിച്ചു. മുതലുകൾ കൊള്ള ചെയ്യപ്പെട്ടു. ഇങ്ങനെ വിവിധങ്ങളായ ദുരന്തദുഃഖങ്ങൾക്ക് 1857-ലെ പോലെ തന്നെ 1921-ലുംജനങ്ങൾ വിധേയരായി".

   ഇ. മൊയ്തുമൗലവി. '<u>മൗലവിയുടെ ആത്മകഥ</u>'. (ഡി.സി. ബുക്സ്, കോട്ടയം. 2-ാം പ. 1985. പു. 108.)

3. അതിൽത്തന്നെ. പു. 197, 198.

4. "ഗുരുവായൂർ സത്യാഗ്രഹകാലത്താണ്, തളിപ്പറമ്പിൽ വച്ചു കൂടിയ ഒരു നംപൂതിരി യുവജന സമ്മേളനത്തിലേക്ക് നടാടെ ഒരന്തർജനം ശ്രീമതി പാർവതി നെൻമേനി മംഗലം-മറക്കുടയും ഓട്ടുവളയും ഉപേക്ഷിച്ച് പരിഷ്കൃത വേഷഭൂഷാദികളോടുകൂടി തുണക്കാരില്ലാ തെ വന്നതും സമ്മേളനത്തിൽ അദ്ധ്യക്ഷയായി പ്രസംഗിച്ചതും.

   വി.ടി.യും നംപൂതിരി യുവാക്കളും ഗുരുവായൂർ സത്യാഗ്രഹ ത്തെ മനസാ വാചാ കർമ്മണാ സഹായിച്ചു. അങ്ങനെ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ സന്തതിയായി കേരളത്തിൽ ഒരു മഹാവിപ്ലവും പിറന്നു."

എൻ.പി. ദാമോദരൻ. 'ഒരു സത്യാഗ്രഹത്തിന്റെ കഥ' (ലേഖനം) മാതൃഭൂമി ആഴ്ചപ്പതിപ്പ്. വാ. 59. ല.33

5. സി.കെ. മൂസ്സത്. കേളപ്പൻ എന്ന മഹാമനുഷ്യൻ. (സാ.പ്ര.സ.സംഘം. കോട്ടയം. 1982.) പു. 113.

6. ഏ. ശ്രീധരമേനോൻ. കേരളചരിത്രം. (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. 1967.) പു. 443.

7. എം.പി. മൻമഥൻ. കേളപ്പൻ. (കേരള സർവ്വോദയമണ്ഡലം. തിരുവനന്തപുരം. 1984.) പുറം. 239, 240.

8. ജി.പി.പിള്ള. ലണ്ടനും പാരീസും. പു. 12, 13

9. പി.കെ. മാധവൻ. ടി.കെ. മാധവന്റെ ജീവചരിത്രം. (ഡി.സി. ബുക്സ്, കോട്ടയം. 1986.) പു. 78.

10. അതിൽത്തന്നെ. പു. 123. ടി.കെ. മാധവന്റെ പ്രസ്താവനയിൽ നിന്ന്.

11. ഏ.ശ്രീധരമേനോൻ. കേരളചരിത്രം. പു. 481,82.

12. സി.ആർ. കേശവൻ വൈദ്യൻ. (അവതാരിക.) ടി.കെ.മാധവന്റെ ജീവചരിത്രം. പു. 15.

13. എൻ.കെ. ജോസ്. 'വൈക്കം സത്യാഗ്രഹം. (ഹോബി പബ്ളിക്കേഷൻസ്, വൈക്കം. 1988.) പു. 253.

14. അക്കമ്മ ചെറിയാൻ. 1114-ന്റെ കഥ. (ഡി.സി. ബുക്സ് കോട്ടയം. 2-ാം പ. 1990.) പു. 19, 20.

15. പ്രൊഫ.സി.കെ. മൂസ്സത്. കേളപ്പൻ എന്ന മഹാമനുഷ്യൻ (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. 1982.) പു. 52.